LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3 തവണ ബസ് ചാർജ്ജും 2 തവണ ഓട്ടോ ടാക്സി ചാർജ്ജും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ബസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയും ഓട്ടോ-ടാക്സി ചാർജ്ജുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയും ചേർത്തിട്ടുണ്ട്.*

(സി) പരിഗണിച്ചിരുന്നു.

(ഡി) പെട്രോൾ/ഡീസൽ വില വർദ്ധനവിന് പുറമേ സ്പെയർ പാർട്സ്, ടയർ, ലൂബ്രിക്കന്റ്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം തുടങ്ങി സ്റ്റേജ് കാര്യേജുകളുടെ പ്രവർത്തനചെലവിലുണ്ടാകുന്ന വർദ്ധനവ്, വിദ്യാർത്ഥികൾ, അംഗപരിമിതരായ ആളുകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ്, എന്നിങ്ങനെ സ്റ്റേജ് കാര്യേജ് ഓപ്പറേറ്റു ചെയ്യുന്നതിലെ എല്ലാ ഘടകങ്ങളും കണക്കിലെടുത്തശേഷമാണ് ബസ് ചാർജ് വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുക്കുന്നത്. ഇക്കാര്യത്തിൽ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

ബസ് റൂട്ടുകളുടെ ദേശസാത്കരണം

343 (2218) ശ്രീ. എളമരം കരീം :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ് റൂട്ടുകളുടെ ദേശസാൽക്കരണം സംബന്ധിച്ച് അനുവർത്തിച്ചു വരുന്ന നയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാർ ഇതിനകം നടത്തിയ മാറ്റങ്ങളും അതിൻപ്രകാരം ദേശസാൽക്കരണം മരവിപ്പിച്ച സൂപ്പർക്ലാസ് റൂട്ടുകളും സംബന്ധിച്ച് വിശദമാക്കാമോ ;

(സി) ദേശസാൽക്കരണം മരവിപ്പിച്ചുകൊണ്ട് ഏതെല്ലാം സൂപ്പർക്ലാസ് റൂട്ടുകളിൽ സ്വകാര്യ ബസ്സുടമകൾക്ക് താൽക്കാലികമോ സ്ഥിരമോ ആയ പെർമിറ്റുകൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; ഇത്തരത്തിൽ നൽകപ്പെട്ട പെർമിറ്റുകൾ എത്ര ; ഏതെല്ലാം സ്വകാര്യ ബസ് ഉടമകൾക്കാണ് നൽകിയിട്ടുള്ളത് ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പദ്ധതിക്ക് ഏറെ സഹായകരമാവുമെന്ന് ചൂണ്ടിക്കാട്ടിയ ദേശസാൽക്കരണം അട്ടിമറിക്കപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) 22-1-2014-ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ. (പി) നമ്പർ 03/2014/ടാൻ പ്രകാരം പൊന്നാനി-ചേളാരി റൂട്ട് ദേശസാൽക്കരിക്കപ്പെട്ടിരിക്കുന്നു. 16-7-2013-ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ.(പി) 73/2013/ടാൻ പ്രകാരം ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഡീലക്സ്, ആഡംബര സർവ്വീസ് എന്നീ തരത്തിലുള്ള സ്റ്റേജ് കാര്യേജ് സർവ്വീസുകൾ നടത്താനുള്ള അധികാരം കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി നിജപ്പെടുത്തിയിരുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി.-ക്ക് ഈ രണ്ടു സ്കീമുകളും ഒറ്റയടിക്ക് നടപ്പിലാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ടും കാലതാമസവും ബോദ്ധ്യപ്പെട്ടതിനാൽ യാത്രക്കാരായ പൊതുജനങ്ങളുടെ സൗകര്യാർത്ഥം മേൽപ്പറഞ്ഞ 2 സ്കീമുകളിൽ ഉൾപ്പെട്ടിരുന്ന സ്വകാര്യ വാഹനങ്ങൾക്ക് താൽക്കാലിക പെർമിറ്റ് നൽകാൻ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് 17-7-2014-ലെ സർക്കാർ കത്ത് നമ്പർ 10689/ബി1/2014/ടാൻ തീയതി പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസുകൾക്ക് വിധേയമായാണ് പ്രസ്തുത നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിരുന്നത്.

(സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി) ദേശസാൽക്കരണം അട്ടിമറിക്കപ്പെടാനുള്ള സാഹചര്യം നിലവിലില്ല.

റോഡ് സേഫ്റ്റി ബിൽ

344 (2219) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ റോഡ് ഗതാഗത രംഗത്ത് റോഡ് സേഫ്റ്റി ബിൽ എന്ന പേരിൽ ഒരു പുതിയ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളെ ദോഷകരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കരട് ബില്ലിലെ വ്യവസ്ഥകൾ സംസ്ഥാന സർക്കാരിന്റെ റോഡ് ഗതാഗതമേഖലയിലുള്ള അധികാരം വെട്ടിച്ചുരുക്കുമെന്ന കാര്യം അറിയാമോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്